## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ :*117**

**10/08/2017 ൽ**
**മറുപടിയ്ക്ക്**

### കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.കോവൂർ കുഞ്ഞുമോൻ**
**ശ്രീ.കെ.കൃഷ്ണൻകുട്ടി**
**ശ്രീ.കെ.ബി.ഗണേഷ് കുമാർ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യത കുറവും മൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റേയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലുകളെ തുടർന്ന് 17/08/2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഫാക്ടറി ഉടമകളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും ബഹു.മുഖ്യമന്ത്രിയും സംയുക്തമായി യോഗങ്ങൾ വിളിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ ഇനിയും മീറ്റിംഗ് വിളിച്ചു ചേർത്ത് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, |

| | | | |
|---|---|---|---|
| | | | ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിയത്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപെക്സിനും അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. തൊഴിലാളികൾക്ക് പ്രതിവർഷം 300 തൊഴിൽദിനങ്ങളെങ്കിലും ഉറപ്പു വരുത്തുന്നതിനായി ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കാൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. കമ്പനി രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രവർത്തനം അതിന്റെ അവസാനഘട്ടത്തിലാണ്. |
| (ബി) | കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനും സർക്കാർ സർക്കാരിതര ഫാക്ടറികൾ /കമ്പനികൾ നേരിട്ട് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിക്കാൻ തീരുമാനിക്കുകയും സ്പെഷ്യൽ ഓഫീസറായി ശ്രീ.മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട)നെ നിയമിക്കുകയും ചെയ്തു. തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത നടപടികളിലൂടെ തൊഴിലാളി കൾക്ക് എത്ര തൊഴിൽ ദിനങ്ങൾ അധികമായി നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തുറന്നു പ്രവർത്തിച്ചതു മുതൽ ജൂലൈ 31 വരെ 128 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്. കാപെക്സിലെ തൊഴിലാളികൾക്ക് 141 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് നിലവിൽ വരുന്നതോടുകൂടി തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് തൊഴിൽദിനങ്ങൾ പ്രതിവർഷം 300 ആയി വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**